നം:CDS.B6-4602/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തീയതി :07.05.2016.

# സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് -ഐസിഡി.എസ് - അങ്കണവാടി വർക്കർ/ഹെൽപ്പർ ഹോണറേറിയം വർദ്ധനവ് ഉത്തരവ് പുറപ്പെടുവിച്ചത് -മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന :- 1. സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ) 636/16 സാ.നീ.വ തീയതി : 18.02.2016.
2. സ.ഉ.(എം.എസ്) നം. 21/2016/സാ.നീ.വ. തീയതി : 25.02.2016

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 258 ഐസിഡിഎസ് പ്രോജക്ടുകളിലെ അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഹോണറേറിയം സൂചന (1) (2) പ്രകാരം 01.04.2016 മുതൽ അങ്കണവാടി വർക്കർക്ക് 6600/- രൂപയിൽ നിന്ന് 10000/- രൂപയായും ഹെൽപ്പർക്ക് 4100/- രൂപയിൽ നിന്ന് 7000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 01.04.2016 മുതൽ വർദ്ധിപ്പിച്ച ഹോണറേറിയം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ, വികസനഫണ്ടിൽ നിന്നോ മാറി നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുവാൻ CDPO മാരെ ചുമതലപ്പെടുത്തുന്നു.

വർദ്ധിപ്പിച്ച ഹോണറേറിയം അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്കും ലഭിക്കുന്നുവെന്ന് CDPO മാർ ഉറപ്പുവരുത്തേണ്ടതും ആയത് ജില്ലാ പ്രോഗ്രാം ആഫീസർ മുഖാന്തിരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ്:

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ/
പ്രോഗ്രാം ഓഫീസർമാർ/ശിശുവികസനപദ്ധതി ഓഫീസർമാർക്ക്